# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം.56 - 28/02/2017 - ലെ മറുപടിക്ക്

## നോട്ട് നിരോധനം

ചോദ്യം

ഉത്തരം

ശ്രീ .കെ. കൃഷ്ണൻകുട്ടി
ശ്രീ. സി.കെ നാണു
ശ്രീ. കോവൂർ കുഞ്ഞുമോൻ

ഡോ. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ. | നോട്ട് നിരോധനം മൂലം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ (ജി.ഡി.പി) എത്രമാത്രം കുറവ് സംഭവിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | കേന്ദ്ര സർക്കാർ 2016 നവംബർ 8ന് 500,1000 രൂപ നോട്ടുകൾ അസാധുവാക്കാൻ തീരുമാനിച്ചതിന്റെ ഫലമായി കേരള സമ്പദ്ഘടനയ്ക്ക് സംഭവിച്ച പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് കേരള സംസ്ഥാന ആസൂത്രണ ബോർഡ് 2016 നവംബർ 23ന് ഒരു കമ്മറ്റിയെ നിയമിച്ചിരുന്നു. നോട്ട് നിരോധനം സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകൾക്കുണ്ടാക്കിയ പ്രത്യാഘാതങ്ങളെ സംബന്ധിച്ച് ഒരു ഇടക്കാല റിപ്പോർട്ടും 2017 ഫെബ്രുവരിയിൽ അന്തിമ റിപ്പോർട്ടും സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 2011-12 മുതൽ 2014-15 വരെയുള്ള വാർഷിക മൊത്ത ആഭ്യന്തര ഉത്പാദന വളർച്ചാനിരക്ക് 14.9 ശതമാനം ആയിരുന്നു. എന്നാൽ നോട്ട് റദ്ദാക്കലിനുശേഷം കേരളത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദന വളർച്ചാ നിരക്ക് 14.9 ശതമാനത്തെക്കാളും വളരെ കുറവാകാനാണ് സാദ്ധ്യതയെന്ന് പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.<br>കേരള സമ്പദ്‌വ്യവസ്ഥയുടെ ചില സവിശേഷതകൾ നോട്ട് റദ്ദാക്കലിന്റെ ഫലമായി കൂടുതൽ പ്രത്യാഘാതങ്ങൾക്കിടയാക്കി. സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രധാന പങ്ക് വഹിക്കുന്ന പരമ്പരാഗത മേഖലകളായ മൽസ്യബന്ധനം, കയർ, കൈത്തറി, കശുവണ്ടി, കൃഷി, തോട്ടങ്ങൾ തുടങ്ങിയ പല മേഖലകളും കറൻസി വിനിമയത്തിൽ അധിഷ്ഠിതമായതിനാൽ ഇവയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിനാളുകളെ നോട്ട് |

| | | |
|---|---|---|
| | | നിരോധനം സാരമായി ബാധിച്ചു. നോട്ട് ലഭ്യത കൂടുതലാവശ്യമായ ചെറുകിട വ്യാപാരം, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഗതാഗതം എന്നിവ കേരള സമ്പദ്‌വ്യവസ്ഥയുടെ 40 ശതമാനത്തിന് മുകളിൽ വരുമാനം പ്രദാനം ചെയ്യുന്നവയാണ്. പ്രാഥമിക മേഖലയാകട്ടെ 16 ശതമാനവും. അങ്ങനെ 56 ശതമാനം വരുമാനം സംഭാവന ചെയ്യുന്ന സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖല നോട്ട് പിൻവലിക്കലിന്റെ ആഘാതം നേരിടുകയാണ്. കഴിഞ്ഞ കുറച്ചു വർഷങ്ങളായി മാന്ദ്യം നേരിടുകയായിരുന്ന കാർഷിക മേഖല ഈ നയംമാറ്റത്തിന്റെ നേരിട്ടുള്ള ആഘാതമേറ്റു കൊണ്ടിരിക്കുകയാണ്. നിർമ്മാണ-ഗതാഗത സംഭരണ മേഖലകളുടെ തിരിച്ചുവരവ് ഇനിയും താമസിച്ചേക്കാം. ഉയർന്ന വളർച്ച പ്രകടമാക്കിയ വ്യാപാര/ഹോട്ടൽ മേഖലകളും നോട്ട് പിൻവലിക്കലിന്റെ ആഘാതത്തിലാണ്. നവംബർ 8ന് ശേഷം റിസർവ്വ് ബാങ്ക് പുറത്തിറക്കിയ അറിയിപ്പുകൾ, പ്രത്യേകിച്ചും നവംബർ 14ലെ സഹകരണ ബാങ്കുകളെയും സംഘങ്ങളെയും നോട്ട് കൈമാറ്റ പ്രക്രിയയിൽ നിന്ന് വിലക്കികൊണ്ടുള്ള ഉത്തരവ് കേരളത്തെ വളരെയധികം പ്രതികൂലമായി ബാധിച്ചു. നോട്ടുകൾ മാറ്റി നൽകാനുള്ള അവകാശം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകാത്തതിനാൽ അവയുടെ പ്രവർത്തനത്തെയും തദ്വാരാ സംസ്ഥാനത്തിലെ മൊത്തം ധനകാര്യ ഇടപാടുകളെയും അവതാളത്തിലാക്കി. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സ്ഥിതി ദുർബലപ്പെടുന്നത് സംസ്ഥാനങ്ങൾക്കുള്ള ഗ്രാന്റുകളെ ബാധിക്കും. ഇതിനുപുറമേ, ആസന്നമായ സാമ്പത്തിക വളർച്ചയിലുണ്ടാകുന്ന ഇടിവ് കേന്ദ്ര സർക്കാരിന്റെ നികുതി വരുമാനത്തെ പ്രതികൂലമായി ബാധിക്കും. തൻമൂലം ഇത് സംസ്ഥാനങ്ങളിലേക്കുള്ള നികുതി കൈമാറ്റം കുറയുന്നതിനുള്ള സാഹചര്യത്തിനിടയാക്കും. നോട്ട് റദ്ദാക്കലിന് ശേഷമുള്ള സാമ്പത്തിക പ്രവർത്തനത്തിലുണ്ടായ മന്ദത, സ്റ്റാമ്പ് നികുതി സമാഹരണത്തിൽ വന്ന കുറവ്, റിയൽ എസ്റ്റേറ്റ് മേഖലയിലുണ്ടായ തളർച്ച, മോട്ടോർ വാഹന നികുതി സമാഹരണത്തിൽ വന്ന കുറവ് എന്നിവ കാരണം തനത് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന 19 ശതമാനം വളർച്ച കൈവരിക്കാനുള്ള സാദ്ധ്യത കുറവാണ്. |

| | | |
|---|---|---|
| | | ചുരുക്കത്തിൽ നോട്ട് റദ്ദാക്കൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ രൂക്ഷമായി ബാധിക്കുന്നുണ്ട്. ഇതിനെല്ലാം പുറമേ നോട്ട് റദ്ദാക്കലിനു ശേഷം ദൈനംദിന ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് വേണ്ടുന്ന കറൻസിയുടെ ലഭ്യതക്കുറവും വലിയ വെല്ലുവിളി ഉയർത്തി. |
| ബി | സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾക്ക് വായ്പ അനുബന്ധ ബിസിനസ് ഇനങ്ങളിലായി എത്ര കോടി രൂപയുടെ നഷ്ടമാണ് നോട്ട് നിരോധനം മൂലം ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾക്ക് നോട്ട് നിരോധനം മൂലം വായ്പ അനുബന്ധ ബിസിനസ് ഇനങ്ങളിലായി ഉണ്ടായിട്ടുള്ള നഷ്ടത്തിന്റെ കണക്ക് സംസ്ഥാനതല ബാങ്കേഴ്സ് സമിതി തിട്ടപ്പെടുത്തിയിട്ടില്ല. |

Sreekumar

**സെക്ഷൻ ഓഫീസർ**